**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2013** **29-09-2025 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് സാംസ്കാരിക വകുപ്പിന് കീഴിൽ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 1) സാംസ്കാരിക വകുപ്പിന്റെ അഭിമാന പദ്ധതിയായ യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി വർക്കല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ വർക്കല മുനിസിപ്പാലിറ്റിയുടെ കീഴിൽ വിവിധ ക്ലസ്റ്ററുകളിലായി കലാകാരന്മാരെ വിന്യസിക്കുകയും കലാഭ്യസനം നടത്തി വരികയും ചെയ്യുന്നു.<br><br>2) പകൽക്കുറി കലാഭാരതി ഗുരു ചെങ്ങന്നൂർ കഥകളി അക്കാഡമിയിൽ പദ്മഭൂഷൺ മടവൂർ വാസുദേവൻ നായർ കഥകളി മ്യൂസിയം നിർമ്മാണത്തിനായി ലഭിച്ച പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഫെലോഷിപ് പദ്ധതിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പകൽക്കുറി കലാഭാരതി ഗുരു ചെങ്ങന്നൂർ കഥകളി അക്കാഡമിയിൽ പദ്മഭൂഷൺ മടവൂർ വാസുദേവൻ നായർ സ്മാരക കഥകളി മ്യൂസിയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പി.ഡബ്ല്യൂ.ഡി മുഖേന 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സ്ഥാപനം സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ